**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3743** **27-06-2024 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ ബസുകളുടെ മത്സരയോട്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. എൻ. ഷംസുദ്ദീൻ** | | **ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സ്വകാര്യ ബസുകളുടെ മത്സരയോട്ടത്തെത്തുടർന്നുള്ള അപകടങ്ങൾ വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സ്വകാര്യ ബസുകളിൽ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) | നിയമലംഘനം നടത്തുന്ന സ്വകാര്യ ബസുകളെ നിരീക്ഷിക്കാനും നിയമലംഘനങ്ങൾക്ക് എതിരെ നടപടിയെടുക്കാനും നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്നറിയിക്കുമോ; വിശദമാക്കുമോ; | (സി) | നിരത്തുകളിൽ വാഹന പരിശോധന നടത്തുന്ന സമയത്ത് നിയമലംഘനം നടത്തുന്നതായി ശ്രദ്ധയിൽപ്പെടുന്ന സ്വകാര്യബസുകൾക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുജനങ്ങൾ ചൂണ്ടിക്കാണിക്കുന്നതും വിവിധ മാധ്യമങ്ങൾ വഴി കണ്ടെത്തുന്ന നിയമലംഘനങ്ങൾക്കെതിരെയും അവയുടെ നിജസ്ഥിതി പരിശോധിച്ച് നടപടി സ്വീകരിക്കാറുണ്ട്. അശ്രദ്ധയോടെയും അപകടകരമായും സ്വകാര്യ ബസ് ഓടിക്കുന്ന ഡ്രൈവർമാരുടെ ലൈസൻസ് സസ്പെന്റ് ചെയ്യുന്നതടക്കമുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. |
| (ഡി) | നിയമലംഘനങ്ങൾ കണ്ടെത്തി സത്വര നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ? | (ഡി) | സ്വകാര്യ ബസുകൾ നടത്തുന്ന നിയമ ലംഘനങ്ങൾ ശ്രദ്ധയിൽപ്പെടുമ്പോൾ തന്നെ അത്തരം നിയമ ലംഘനങ്ങൾക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ